**April : 26**

# KGBEU OU ബുള്ളറ്റിൻ 52/2023

സഖാക്കളെ,

## വിഷയം: വിവിധ വിഷയങ്ങളിൽ HR GM മായി ചർച്ച നടന്നു

HR വിംഗ് ജനറൽ മാനേജരുമായും സെക്ഷനുമായും വിവിധ വിഷയങ്ങളിൽ ചർച്ച നടത്തി.

Scale 1 ഓഫീസർമാരുടെയും വർക്ക്മെൻ കേഡറിന്റെയും ട്രാൻസ്ഫർ വൈകുന്നതിൽ സംഘടന അതിയായ ആശങ്ക അറിയിച്ചു. ട്രാൻസ്ഫർ വൈകുന്നത് ബാങ്കിന്റെ ബിസിനസിനെയും കുട്ടികളുടെ സ്കൂൾ അഡ്മിഷനെ ഉൾപ്പെടെയുള്ള വ്യക്തിപരമായ വിഷയങ്ങളെയും ദോഷകരമായി ബാധിക്കുന്ന  അവസ്ഥയാണെന്ന് നാം ചൂണ്ടിക്കാട്ടി. ഇന്ന് തന്നെ Scale 1 ട്രാൻസ്ഫർ ഇറക്കണമെന്നും വർക്ക്മെൻ ട്രാൻസ്ഫറും അധികം വച്ച് താമ സിപ്പിക്കാതെ ഉടൻ ഇറക്കണമെന്നും നാം ആവശ്യപ്പെട്ടു. അധികം താമസിപ്പിക്കില്ല എന്നും അടുത്ത ദിവസം തന്നെ ഇറക്കും എന്നുമാണ് നമുക്ക് ഉറപ്പ് തന്നത്. വർക്ക്മെൻ ട്രാൻസ്ഫർ മെയ് ആദ്യവാരം ഇറക്കാനുള്ള ശ്രമം നടത്തുമെന്നും ഉറപ്പ് നൽകി.

വർക്ക്മെൻ ജീവനക്കാർക്ക് 150% HRA നൽകുന്നതിനായി സംഘടന പലതവണ ആവ ശ്യപ്പെടുകയും follow up ചെയ്യുകയും ഉണ്ടായി. തുടർന്ന് വിഷയം ബോർഡിൽ അവതരിപ്പിച്ച് അനുകൂല തീരുമാനം ഉണ്ടാകുകയും ചെയ്തു. അത് ഉടൻ സർക്കുലറായി ഇറക്കാൻ നാം ആവശ്യപ്പെട്ടു. ഉടൻ തന്നെ സർക്കുലർ ഇറക്കാമെന്ന് GM അറിയിച്ചു.

30 വർഷം പൂർത്തിയായ ജീവനക്കാർക്ക് പുതിയ BPS പ്രകാരം അധികമായി ലഭിക്കേണ്ടുന്ന സിക്ക് ലീവ് അനുവദിക്കാൻ നാം ആവശ്യപ്പെടുകയും നിരന്തരമായി follow up ചെയ്യുകയും ഉണ്ടായി. തുടർന്ന് ബോർഡ് പാസാക്കിയിട്ടുണ്ട്. അത് സർക്കുലർ ആയി ഉടൻ ഇറക്കാൻ നാം ആവശ്യപ്പെട്ടു. അടുത്ത ദിവസം തന്നെ അത് implement ചെയ്യാൻ ബന്ധപ്പെട്ട സെക്ഷനിൽ GM നിർദേശം നൽകി.

റിട്ടയർ ചെയ്ത ജീവനക്കാരുടെ PL kdÀ കുറെ നാളുകളായി pending കിടക്കുകയാണ്. ഇനിയും വച്ച് താമസിപ്പിക്കുന്നത് ശരിയല്ല എന്നും ഉടൻ റിലീസ് ചെയ്യണമെന്നും നാം ആവ ശ്യപ്പെട്ടു. ഈയാഴ്ച തന്നെ അത് നൽകുന്ന തരത്തിൽ ക്രമീകരണം നടത്താമെന്നാണ് നമുക്ക് ഉറപ്പ് കിട്ടിയിരിക്കുന്നത്.

ജോയിന്റ് കോൺഫറൻസ് നടന്നിട്ട് ഒരു വർഷം പിന്നിട്ടിട്ടും മിനുട്സ് ഇത് വരെയായി ഇറക്കാത്തതിൽ പ്രതിഷേധം രേഖപ്പെടുത്തി. ഉടൻ ഇറക്കണം എന്ന് ആവശ്യപ്പെടുകയും ചെയ്തു. അതിനാവശ്യമായ നിർദേശം GM ചീഫ് മാനേജർക്ക് നൽകിയിട്ടുണ്ട്.

3 മാസത്തിലധികം ലീവ് എടുത്തവർക്ക് PLI ആനുപാതികമായി കുറവ് വരുത്തിയത് തിരിച്ചു നൽകാൻ ചെയർമാന് മുന്നിൽ തീരുമാനം ആക്കിയതാണ്. അത് എത്രയും പെട്ടെന്ന് ക്രെഡിറ്റ് ചെയ്ത് കൊടുക്കണമെന്ന് ആവശ്യപ്പെട്ടു. അധികം വൈകാതെ ചെയ്യും എന്നാണ് പ്രതീക്ഷിക്കുന്നത്.

ക്ലർക്ക് to ഓഫീസർ പ്രമോഷൻ ആയ ജീവനക്കാർക്ക് ട്രയൽ സാലറിയിൽ പുതുക്കിയ ശമ്പളം കാണിച്ചിരുന്നില്ല. എന്നാൽ സാലറി ക്രെഡിറ്റ് ആവുമ്പോൾ യഥാർത്ഥ സാലറി വരും എന്ന് അറിയിച്ചിട്ടുണ്ട്.

പുതിയ tax regime opt ചെയ്തവർക്ക് ട്രയൽ സാലറിയിൽ കൂടുതൽ tax പിടിക്കുന്ന തരത്തിൽ കാണിച്ചത് manual ആയി തിരുത്തിക്കൊണ്ടിരിക്കുകയാണ് എന്നും സാലറി വരുമ്പോൾ യഥാർത്ഥത്തിൽ പിടിക്കേണ്ടുന്ന തുക മാത്രമേ പിടിക്കുകയുള്ളൂ എന്നും സെക്ഷനിൽ നിന്നും ഉറപ്പ് കിട്ടിയിട്ടുണ്ട്.

അഭിവാദ്യങ്ങളോടെ,

ജനറൽ സെക്രട്ടറി
KGB എംപ്ലോയീസ് യൂണിയൻ
KGB ഓഫീസേഴ്സ് യൂണിയൻ
(AIRRBEA/BEFI)